മലയാള മനോരമ
ESTABLISHED 1888
17 December 2018

# സമുദ്ര–കൃഷി: പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന

കൊച്ചി● സമുദ്ര-കൃഷിക്കായി കടലിൽ പ്രത്യേക മേഖലകൾ നിശ്ചയിക്കുമ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുൾപ്പെടുന്ന സഹകരണ സംഘങ്ങൾക്കും മുൻഗണന നൽകും. ഇതിനായി കരട് നയത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യും. ദേശീയ സമുദ്രകൃഷി കരട് നയത്തിലെ വ്യവസ്ഥകൾ ചർച്ച ചെയ്യാൻ കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന മൽസ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംയുക്ത യോഗത്തിലാണു തീരുമാനം. സമുദ്ര-കൃഷിയെ കാർഷികവൃത്തിയായി പരിഗണിച്ചു വായ്പാ പദ്ധതികൾ കൊണ്ടുവരാൻ കരട് നയത്തിൽ ഭേദഗതി വരുത്താനും തീരുമാനമായി.

കരട് നയത്തിലെ വ്യവസ്ഥകളിന്മേലുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ 27 വരെ സമയം അനുവദിച്ചു. കൂടുമൽസ്യക്കൃഷി, കക്കവർഗ്ഗയിനങ്ങളുടെ കൃഷി, പെൻകൾച്ചർ, പായൽ കൃഷി തുടങ്ങിയവയാണു സമുദ്രകൃഷിയിൽ ഉൾപ്പെടുക.

സിഎംഎഫ്ആർഐ ഡയറക്ടറും ദേശീയ സമുദ്ര-കൃഷി കരട് നയം തയ്യാറാക്കിയ വിദഗ്ധ സമിതിയുടെ അധ്യക്ഷനുമായ ഡോ.എ.ഗോപാലകൃഷ്ണൻ, ഡോ.എ.ജി.പൊന്നയ്യ, ഡോ.ജി.ഗോപകുമാർ, ഡോ.ഇമൽഡ ജോസഫ്, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, പി.ജി.സൗമിത്രൻ, പി.ബി.ദയാനന്ദൻ, സി.കെ.ഗോപാലൻ, കെ.കെ.പുഷ്കരൻ, വി.രേഖ എന്നിവർ പ്രസംഗിച്ചു. ഡോ.ശ്യാം എസ്.സലീം മോഡറേറ്ററായിരുന്നു.